# ഓണാട്ടുകര നാളികേര ഉത്പാദക കമ്പനി

## വെട്ടിക്കോട്, പള്ളിക്കൽ പി. ഒ., കറ്റാനം

## 6-ാമത് വാർഷിക പൊതുയോഗം – (23/12/2020)

## ഡയറക്ടേഴ്സ് റിപ്പോർട്ട്

പ്രിയ സുഹൃത്തുക്കളെ!

ഓണാട്ടുകര നാളീകേര ഉത്പാദക കമ്പനിയുടെ 6-ാമത് വാർഷിക പൊതുയോഗത്തിലേയ്ക്ക് ഏവർക്കും സ്വാഗതം. കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയെ സംബന്ധിച്ചിടത്തോളം മുൻ വർഷങ്ങളെ അപേക്ഷിച്ച് ആശ്വാസത്തിന് വക നൽകുന്ന പ്രവർത്തനം കാഴ്ച വയ്ക്കുവാൻ സാധിച്ചു എന്നാണ് വിശ്വാസം. എന്നാൽ വർഷാവസാനവും തുടർന്നുള്ള നടപ്പുസാമ്പത്തിക വർഷവും ലോക ജനത തന്നെ കോവിഡ്-19 ന്റെ പിടിയിലമർന്ന് അതിന്റെ പരിണിത ഫലങ്ങളും പ്രത്യാഘാതങ്ങളും അനുഭവിച്ചു കൊണ്ടിരിക്കുകയാണല്ലോ? എല്ലാ മേഖലകളിലെന്നപോലെ കമ്പനിയുടെ പ്രവർത്തനങ്ങളെയും ഈ മഹാമാരി പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ഗവണ്മെന്റ് കർശനമായി നിഷ്കർഷിച്ചിരുന്ന ലോക്ക്ഡൗൺ കാലയളവ് ഒഴികെ മറ്റെല്ലാ പ്രവൃത്തിദിനങ്ങളും എണ്ണ ഉത്പാദനത്തിനും വിപണനത്തിനും പരമാവധി ഉപയോഗപ്പെടുത്തി കമ്പനി പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്.

കമ്പനിയുടെ 2019-20-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഈ വർഷത്തെ ലാഭം 1,00,800/- രൂപയാണ്. എന്നാൽ സ്ഥിര ആസ്തിയുടെ മൂല്യത്തകർച്ച കൂടി കണക്കാക്കുമ്പോൾ ഇത് 30,45,720/- രൂപ നഷ്ടമായി മാറുന്നു. ഇത് 2018 -19 -ൽ 56,25,929 രൂപയും 2017 -18 ൽ 1,14,82,992 രൂപയുമായിരുന്നു എന്നത് ശ്രദ്ധേയമാണ്. കമ്പനി പ്രവർത്തനം തുടങ്ങിയിട്ട് മൂന്നര വർഷം കഴിഞ്ഞപ്പോൾ ഇത്രയും നേട്ടം കൈവരിക്കാൻ സാധിച്ചത് ഓഹരി ഉടമകളായ നിങ്ങളുടെ ഓരോരുത്തരുടേയും ക്ഷമയോടെയും സ്നേഹത്തോടെയുമുള്ള കാത്തിരിപ്പും സഹകരണവും കൊണ്ട് മാത്രമാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം 12 ബോർഡ് യോഗങ്ങൾ നടത്തി. പല സങ്കീർണ സാഹചര്യങ്ങളും തരണം ചെയ്യേണ്ടതായും വന്നു. 13.04.2020-ൽ നിലവിലുള്ള 7 ഡയറക്ടർമാരുടെ കാലാവധി കഴിഞ്ഞിരുന്നു. കോവിഡ് നിയന്ത്രണങ്ങൾ നില നിന്നിരുന്നതിനാൽ കമ്പനീസ് ആക്ട് 1956 സെക്ഷൻ 581 (P)(6) പ്രകാരം കാലാവധി തീർന്ന ഡയറക്ടർമാരിൽ നിന്നും ഒരു അഡീഷണൽ ഡയറക്ടറേയും ഒരു എക്സ്പർട്ട് ഡയറക്ടറേയും താത്കാലികമായി നിയമിക്കുകയും, ബാക്കിയുള്ളവരെ സ്ഥിരം ക്ഷണിതാക്കളായി നിലനിർത്തുകയും ചെയ്തു. അങ്ങനെ നിലവിൽ ഡയറക്ടർമാരുടെ എണ്ണം ആറാക്കി നിലനിർത്തി. ശ്രീ കെ എസ് അലക്സാണ്ടർ (കറ്റാനം ഷാജി) ചെയർമാനായി തുടരുവാൻ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തു. ഈ നിയമനങ്ങൾ പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. നിലവിലുള്ള ഡയറക്ടർ ബോർഡിൽ ഒഴിവ് വരുന്ന മുറയ്ക്ക് അത് നികത്താവുന്നതാണ്.

കഴിഞ്ഞ വർഷം 141 മെട്രിക് ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിച്ചു വില്പന നടത്തി. 2018-19-ൽ ഇത് 75 ടണ്ണും, 2017-18-ൽ 65 ടണ്ണുമായിരുന്നു. കേരള സർക്കാർ സംരംഭമായ മാർക്കറ്റ് ഫെഡിന് 'കേരജം' ബ്രാൻഡിൽ വെളിച്ചെണ്ണ നൽകുന്ന വിവരം കഴിഞ്ഞ വാർഷികത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ? 141 ടണ്ണിൽ 61 ടൺ മാർക്കറ്റ് ഫെഡിനും 80 ടൺ കമ്പനി നേരിട്ടും വില്പന നടത്തി. കൂടാതെ പത്തോളം മൂല്യവർധിത ഉത്പന്നങ്ങളും കഴിഞ്ഞ സാമ്പത്തിക വര്ഷം ഉത്പാദിപ്പിച്ച് 26.33 ലക്ഷം രൂപയ്ക്ക് വിൽപ്പന നടത്തി. ടി സാമ്പത്തിക വർഷത്തെ വിറ്റുവരവ് 2.86 കോടി രൂപയാണ്. ഇത് 2018-19 ൽ 2 കോടി രൂപയും 2017-18 ൽ 1.42 കോടി രൂപയും ആയിരുന്നുവെന്നത് ശ്രദ്ധേയമാണ്. ഓണാട്ടുകര ഉത്പന്നങ്ങൾക്ക് പ്രിയ മേറുന്നുവെന്നതാണ് ഇവയുടെ സ്വീകാര്യതയിൽ നിന്നും മനസിലാക്കേണ്ടത്. പക്ഷെ കമ്പനിക്ക് ഇനിയും ധാരാളം മുന്നോട്ട് പോകാനുണ്ട്. ഇപ്പോഴും നമ്മുടെ പ്രവർത്തനക്ഷമത 25 ശതമാനമേ ഉപയോഗപ്പെടുത്തുന്നുള്ളു. ഇത് 70 ശതമാനത്തിന് മുകളിലെങ്കിലുമെത്തണം. വെളിച്ചെണ്ണ കയറ്റുമതിക്ക് ഒരു അമേരിക്കൻ ഡീലറുമായി കരാറിലേർപ്പെടാനുള്ള എല്ലാ ഒരുക്കങ്ങളും ദ്രുതഗതിയിൽ നടക്കുന്നു.

ഗുണമേന്മയിൽ യാതൊരു വിട്ടുവീഴ്ച്ചയും ചെയ്യാതെ ഓണാട്ടുകര ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാൻ ശ്രമിക്കുന്നുണ്ട്. ഈ സംശുദ്ധമായ പ്രവർത്തനങ്ങൾ ഭാവിയിലും അനുസ്യൂതം തുടരും. എല്ലാവരുടെയും സഹായ സഹകരണങ്ങൾ കാംക്ഷിച്ചു കൊണ്ട് നിർത്തട്ടെ!. ഈ അവസരത്തിൽ കമ്പനിയുടെ ഓരോ ഓഹരി ഉടമകളോടും മറ്റു കർഷക സുഹൃത്തുക്കളോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. കമ്പനിയുമായി പ്രത്യക്ഷമായും പരോക്ഷമായും സഹകരിക്കുന്ന, സഹായിക്കുന്ന എല്ലാ ഗവണ്മെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങളോടും, കമ്പനിയുടെ ചാർട്ടേർഡ് അക്കൗണ്ടന്റസിനോടും(GSP&Company), ഇതിന്റെ സ്ഥലമുടമയോടും എല്ലാ മാന്യ ഉപഭോക്താക്കളോടുമുള്ള കടപ്പാടും നന്ദിയും ഞങ്ങൾ രേഖപ്പെടുത്തികൊള്ളട്ടെ!!!.

ഡയറക്ടർ ബോർഡ്

1. കറ്റാനം ഷാജി (കെ എസ് അലക്സാണ്ടർ)
2. വി. സദാശിവൻ
3. എം.പി. വിഹാർ അജയകുമാർ
4. തോമസ് റ്റി തോമസ്
5. ബാബുരാജൻ എസ്
6. ലളിതാംബ എ